മുഖ്യമന്ത്രിയുടെ കാറു കയറി കൊല്ലാൻ ശ്രമിക്കുന്നു. ഇത്തരത്തിൽ യുവജന സമരത്തെ അടിച്ചമർത്തുന്ന ഈ നിലപാട് അവസാനിപ്പിച്ചു കൊണ്ട് അവർക്ക് നൽകിയ ഉറപ്പ് അടിയന്തിരമായി പാലിക്കാൻ ഗവൺമെൻറ് തയ്യാറാകണമെന്നാണ് എനിക്കഭ്യർത്ഥിക്കുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, യുവജനങ്ങളുടെ തൊഴിലില്ലായ്മാ പ്രശ്നത്തെക്കുറിച്ച് ഉന്നയിച്ച കാര്യങ്ങൾക്ക് ഗവൺമെൻറ് സ്വീകരിച്ച നടപടികളെല്ലാം വിശദമാക്കിയതാണ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച പല കാര്യങ്ങളും ഇതിനുമുമ്പും ഈ സഭയ്ക്കകത്തു തന്നെ ഈ സമ്മേളനത്തിൽ പ്രതിപാദിച്ചു കഴിഞ്ഞിട്ടുള്ളതാണ്. അതു കൊണ്ട് ഈ കാര്യത്തെക്കുറിച്ച് കൂടുതലായിട്ട് ഒന്നും പറയാനില്ല. നേരെ മറിച്ച് ഇവിടെ എസ്. എസ്. എൽ. സി. പാസാകാത്ത ആളുകൾക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള പദ്ധതി ആവിഷ്ക്കരിക്കുമെന്നു പറഞ്ഞതായി സൂചിപ്പിച്ചു. ഇപ്പോഴത്തെ പദ്ധതിയിൽ സ്വയം തൊഴിൽ കണ്ടെത്താൻ തയ്യാറാക്കിയിട്ടുള്ള പദ്ധതിയിൽ എസ്. എസ്. എൽ. സി. പാസാകണമെന്നില്ല. കെ. എസ്. ആർ. ടി. സി. യുടെ കാര്യം ഇവിടെ പറഞ്ഞു. അവിടെ യൂണിയനുമായിട്ട് ഉണ്ടാക്കിയിട്ടുള്ള കരാറനുസരിച്ച് ചെയ്തതല്ലാതെ പുതുതായി ഒരാളെയും നിയമിക്കാൻ അനുവദിക്കുന്നില്ല. അവിടെ മാത്രമല്ല ഒരു പബ്ലിക് അണ്ടർടേക്കിംഗിലും പി. എസ്. സി. യിൽ നിന്നല്ലാതെ പുതുതായിട്ട് ആളുകളെ നിയമിക്കാൻ അനുവദിച്ചിട്ടില്ല. പി. എസ്. സി. യുടെ ലിസ്റ്റ് ഉള്ള സ്ഥാപനങ്ങളിൽ ആ ലിസ്റ്റിൽ നിന്നുതന്നെ നിയമിക്കണമെന്ന നിർബന്ധ ശാസന നിലവിലുണ്ട്. എവിടെയെങ്കിലും ഇതിന് വിപരീതമായി ചെയ്തിട്ടുണ്ടെങ്കിൽ അതു ചൂണ്ടിക്കാണിച്ചാൽ ആവശ്യമായ നടപടിയെടുക്കാമെന്നു പറഞ്ഞു. അതിന്റെ ലിസ്റ്റും തരാൻ പറഞ്ഞിട്ടുണ്ട്. ഈ സമയം, വരെ അതിനെ സംബന്ധിച്ച് ഒരു ലിസ്റ്റും എനിക്ക് കിട്ടിയിട്ടില്ല. അങ്ങനെയുള്ളവരുടെ ലിസ്റ്റ് തന്നാൽ അതിന് നടപടിയെടുക്കാമെന്ന് ഞാൻ ഉറപ്പ് തരുന്നു.

(9) പീരുമേട് നിയോജക മണ്ഡലത്തിലെ റോഡുകളുടെ ശോചനീയാവസ്ഥ

ശ്രീ. കെ. കെ. തോമസ് : സർ, എന്റെ നിയോജകമണ്ഡലത്തിലെ എല്ലാ റോഡുകളും തകർന്ന് കുണ്ടും കുഴിയുമായി കിടക്കുന്നു. 1984 ലെയും 1985 ലെയും പ്രകൃതിക്ഷോഭത്തിലും അതിവൃഷ്ടിയിലും നശിച്ച റോഡുകൾ പുനരുദ്ധരിച്ചിട്ടില്ല, വികസിപ്പിക്കുന്ന കെ. കെ. റോഡിന്റെ പണികൾ മന്ദീഭവിച്ചിരിക്കുന്നു. ജോലി ഏറ്റെടുത്ത കോൺട്രാക്ടർമാർ അലസഭാവം പ്രകടിപ്പിക്കുന്നു. ഉദ്യോഗസ്ഥൻമാർ നടപടികൾ സ്വീകരിക്കുന്നില്ല. കഴിഞ്ഞ മഴക്കാലത്തോടെ മുഴുവൻ റോഡുകളും നശിച്ചു. ടെൻഡർ ഉറപ്പിച്ച റോഡുകൾ, റോഡ് റോളറുകൾ ഇല്ലാത്തതുകൊണ്ട് തടസ്സപ്പെട്ടു കിടക്കുന്നു. വിസ്തൃതമായ പീരുമേട് സബ്ഡിവിഷനിൽ ഒരു റോളർ ഉണ്ടായിരുന്നത് റിപ്പെയറിന് കൊണ്ടുപോയിരിക്കുകയാണ്. കെ.എൻ.പി.പി. ഡിവിഷനിൽ ഉണ്ടായിരുന്ന റോളർ കാഞ്ഞിരപ്പള്ളിയിൽ ഉപയോഗമില്ലാതെ കിടക്കുന്നു. കെ. എൻ. പി. പി. ഡിവിഷന്റെ ചുമതലയിലുള്ള കെ. കെ. റോഡിന്റെ പകുതിഭാഗം പീരുമേട് സബ്ഡിവിഷനിൽ വീണ്ടും ചേർത്തിരിക്കുന്നു. ഇന്നു കരാർ വച്ച പണികൾ നടത്തുന്നതിന് അഞ്ചു റോളറെങ്കിലും ആവശ്യമുണ്ട്. കോട്ടയം—മധുരയുമായി ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട കെ. കെ. റോഡും, പീരുമേടിനെ ഇടുക്കിയുടെ ഹെഡ് ക്വാർട്ടേഴ്സുമായി ബന്ധിപ്പിക്കുന്ന പി. ഡി. റോഡും ഉൾപ്പെടെ എല്ലാ റോഡു

LIBRARY ARCHIVES Kerala Legislative Assembly

കളും ഗതാഗത യോഗ്യമാക്കുന്നതിന് മറ്റു ഡിവിഷനുകളിൽ നിന്നും റോളറുകളും വാങ്ങി അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം എല്ലാ മണ്ഡലങ്ങളെയും പൊതുവായിട്ട് ബാധിക്കുന്നതാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ പ്രധാനമായും രണ്ടു റോഡുകളാണ് ഉള്ളത്. കുറ്റക്കാനം—ഏലപ്പാറ റോഡ്, കോട്ടയം—കുമിളി റോഡ്. കോട്ടയം—കുമിളി റോഡിൽ അഞ്ചു കിലോമീറ്ററിൽ പണി പൂർത്തിയായിക്കഴിഞ്ഞു. മൂന്നര കിലോമീറ്ററിന്റെ പണിയുടെ ഏർപ്പാട് ചെയ്തു വരികയാണ്. കുറ്റിക്കാനം—ഏലപ്പാറ റോഡിൽ മഴ കാരണം കുറെ വർക്ക് തടസപ്പെട്ടു എന്നത് ശരിയാണ്. റോളർ ഇല്ലാത്ത തടസമോ സാങ്കേതിക തടസമോ കൊണ്ട് ഒരു വർക്കും തടസപ്പെട്ടിട്ടില്ല.

(10) മണലൂർ നിയോജകമണ്ഡലത്തിലെ യാത്രാക്ലേശം

ശ്രീ. എം. എം. ഹസ്സൻ : സർ, ഗുരുവായൂരിൽ നിന്ന് മണലൂർ മണ്ഡലത്തിലേക്ക് പാവറട്ടി-കാഞ്ഞാണി വഴി പോകുന്ന നിരവധി ബസുകളും റദ്ദാക്കാൻ നീക്കമുള്ളതായി അറിയുന്നു. ആ പ്രദേശത്തുള്ള ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുകളും യാത്രാക്ലേശങ്ങളും ഉണ്ടാക്കിയിരിക്കയാണ്. സർ, അങ്ങയുടെ നിയോജകമണ്ഡലത്തിൽ പാവറട്ടി, കാഞ്ഞാണി വഴി പോകുന്ന ബസുകളും റദ്ദാക്കാൻ പോകുന്നു എന്നൊരാശങ്ക ജനങ്ങളിൽ ഉണ്ടായിട്ടുണ്ട്. ഈ യാത്രാക്ലേശം മൂലം ഉണ്ടായിരിക്കുന്ന ഗുരുതരാവസ്ഥ പരിഹരിക്കുന്നതിന് ജനങ്ങളും പ്രക്ഷുബ്ധരായിരിക്കുകയാണ്. അതിന് അടിയന്തിര പരിഹാരമുണ്ടാക്കാൻ ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് മന്ത്രി സത്വര നടപടി സ്വീകരിക്കണമെന്ന് അങ്ങേക്കു വേണ്ടിയും ഈ സഭയ്ക്കുവേണ്ടിയും ഞാൻ അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, അങ്ങയുടെ നിയോജകമണ്ഡലത്തിൽക്കൂടി കടന്നു പോയിരുന്ന ചില വണ്ടികളും ഗുരുവായൂരിൽ നിന്ന് അഴീക്കോട്, കൊടുങ്ങല്ലൂർ പ്രദേശത്തേക്ക് പോകുന്ന വണ്ടികളും ചേറ്റുവാ പാലം തുറന്നതോടുകൂടി ആ പാലത്തിലൂടെ കടന്നു പോകണമെന്ന് ഒരു പ്രൊപ്പോസൽ വരികയുണ്ടായി. ഈ മാസം 7-ാം തീയതി ബഹുമാനപ്പെട്ട ചെയറിൽ നിന്ന് ഇതിനെക്കുറിച്ച് അഭിപ്രായം ഉണ്ടാവുകയും ഈ പ്രശ്നം തൃശ്ശൂർ ആർ. ടി. ഒ.യെ വിളിച്ച് ചർച്ച ചെയ്യുകയും ചെയ്തു. എന്നാൽ നേരത്തെ ഇഷ്യു ചെയ്ത നോട്ടീസിന്റെ അടിസ്ഥാനത്തിൽ ആർ. ടി. ഒ. യെ മീറ്റ് ചെയ്തു. ഏതായാലും ഇതിന്റെ ആക്ഷൻ കൗൺസിലിന്റെ അംഗങ്ങൾ എന്നെ വന്നുകാണുകയുണ്ടായി. ഇന്നലെ ഞാൻ തൃശ്ശൂർ ജില്ലാ കളക്ടറുമായി ഫോണിൽ ബന്ധപ്പെടുകയുണ്ടായി. ഒരു കാരണവശാലും മുല്ലശ്ശേരി, പാവറട്ടി, കാഞ്ഞാണി, വാടാനപ്പള്ളി വഴി ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്ന വണ്ടികൾ—ചേറ്റുവാ പാലം തുറക്കുന്നതിന് മുമ്പ് ഓടിക്കൊണ്ടിരുന്ന വണ്ടികൾ—ഡീവിയേറ്റ് ചെയ്യുകയോ റൂട്ട് മാറ്റി ഓടിക്കുകയോ ചെയ്യുകയില്ലെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പ് തരികയാണ്. ജനങ്ങൾക്ക് ഇതുമൂലം യാതൊരു വിധത്തിലുള്ള യാത്രാക്ലേശവും ഉണ്ടാകരുതെന്ന് നിർബന്ധമുണ്ട്. അതോടൊപ്പം തന്നെ മറ്റൊരു വസ്തുതയുമുണ്ട്. ചേറ്റുവാ പാലത്തിലൂടെ ഗുരുവായൂർ നിന്ന് കൊടുങ്ങല്ലൂർ പോകുന്ന ഒരു യാത്രക്കാരന് പാവറട്ടി, മുല്ലശ്ശേരി, കാഞ്ഞാണി കൂടി പോകുമ്പോഴുള്ള ഫെയറിനെക്കാൾ ഒരു രൂപ നാല്പതു പൈസ ലാഭമാണ്. അതുകൊണ്ട് കൊടുങ്ങല്ലൂർ, ഗുരുവായൂർ റൂട്ടിലെ

LIBRARY ARCHIVES Kerala Legislative Assembly